## നവകേരള (NK-01)

കേരള സംസ്ഥാനം സാക്ഷ്യവഹിച്ച മഹാപ്രളയത്തിനു ശേഷം ദുരിതക്കയത്തിൽ മുങ്ങിത്താഴ്ന്ന കേരള സംസ്ഥാനത്തെയും ലക്ഷോപലക്ഷം ജനങ്ങളെയും കൈപിടിച്ചുയർത്തേണ്ടത് നമ്മുടെയെല്ലാം കർത്തവ്യമാണ് .ഈ ലക്ഷ്യം കൈവരിക്കുന്നത്തിനും പൊതുജനങ്ങൾക്ക് അതിന്റെ ഭാഗമാകുവാൻ അവസരം നൽകിക്കൊണ്ടും സംസ്ഥാന സർക്കാരിന്റെ തീരുമാന പ്രകാരം കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് 'നവകേരള' എന്ന പേരിൽ ഒരു ഭാഗ്യക്കുറി ആരംഭിച്ചിട്ടുണ്ട് .പതിവ് സമ്മാനഘടനയിൽ നിന്നും വ്യത്യസ്തമായി ഭാഗ്യപരീക്ഷണത്തിനു ഊന്നൽ നൽകാതെ നവകേരള സൃഷ്ടിക്കുള്ള നിക്ഷേപം എന്ന നിലയ്ക്കാണ് നവകേരള ഭാഗ്യക്കുറി ആരംഭിച്ചിട്ടുള്ളത്. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം പൂർണമായും പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും കേരളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും മാത്രമായിട്ടാണ് ഉപയോഗപ്പെടുത്തുന്നത് .

ഒരു ലക്ഷം രൂപയുടെ 90ഒന്നാം സമ്മാനങ്ങളും 5000/- രൂപയുടെ 100800സമ്മാനങ്ങളും എർപെടുത്തികൊണ്ടുള്ള നവകേരള ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് 03/10/2018ന് നടത്തുന്നതാണ് . നിലവിലെ വിൽപ്പന രീതികളിൽ നിന്നും വ്യത്യസ്തമായി വിവിധ രാഷ്ട്രീയ /സാംസ്കാരിക /സന്നദ്ധ സംഘടനകൾക്കും ഇതര സംഘങ്ങൾക്കും മറ്റു വ്യക്തികൾക്കും സൗജന്യമായി കാഷ്വൽ ഏജൻസി നൽകികൊണ്ട് പരമാവധി 90 ലക്ഷം ടിക്കറ്റുകൾ വിറ്റഴിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് .വില്പനക്കാർക്ക് ആകർഷകമായ ഡിസ്കൗണ്ട് ഏർപ്പെടുത്തിയിട്ടുള്ള നവകേരള ഭാഗ്യക്കുറിയിൽ എല്ലാ തരത്തിലുള്ള ഏജന്റുമാർക്കും ടിക്കറ്റ് വിലയിൽ 25 % ഡിസ്കൗണ്ടും സമ്മാനാർഹമാകുന്ന ടിക്കറ്റുകൾക്ക് 10 % വീതം ഏജന്റ് പ്രൈസും ഏർപ്പെടുത്തിയിട്ടുണ്ട് .ടിക്കറ്റിന്റെ പരമാവധി വില 250 /- രൂപയാണ് (മുഖവില 223.22+ 12% GST )10 ടിക്കറ്റുകൾ അടങ്ങിയ നവകേരള ഭാഗ്യക്കുറിയുടെ ഒരു ബുക്ക്

ടിക്കറ്റ് ഏജന്റുമാർക്ക് 1943 /- രൂപയ്ക്ക് വകുപ്പിൽ നിന്നും ലഭിക്കുന്നതാണ് .അതായത് ഒരു ബുക്ക് ടിക്കറ്റ് വിൽക്കുമ്പോൾ ഏജന്റിന് 557 /- രൂപ ലാഭം ഉണ്ടാകുന്നു. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഉള്ള ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്നും ,ഭാഗ്യക്കുറി സബ് ഓഫീസുകളിൽ നിന്നും കാഷ്വൽ ഏജൻസി എടുക്കാവുന്നതും നവകേരള ഭാഗ്യക്കുറി ടിക്കറ്റുകൾ വാങ്ങുന്നതുമാണ് .

ഈ സംരഭം വിജയിപ്പിക്കുന്നതിനും നവകേരള സൃഷ്ടിക്കായുള്ള അധിക ധനസമാഹരണത്തിന്റെ ഭാഗമാകുന്നതിനുമായുള്ള അവസരം പരമാവധി ഉപയോഗപ്പെടുത്തി നവകേരള ഭാഗ്യക്കുറിയുടെ 90ലക്ഷം ടിക്കറ്റുകളും വിറ്റഴിക്കുവാൻ എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു .